പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2850 18.06.2018 -ലെ മറുപടിയ്ക്ക്

## വിദൂര വിദ്യാഭ്യാസ കോഴ്സുകളുടെ അംഗീകാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ഇ.എസ്.ബിജിമോൾ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(ബഹു: വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | യു.ജി.സി മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയതിനാൽ കേരളത്തിലെ സർവ്വകലാശാലകൾക്ക് വിദൂരവിദ്യാഭ്യാസ കോഴ്സുകൾ നടത്താൻ യോഗ്യത നഷ്ടപ്പെട്ടും എന്ന വാർത്ത വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരമൊരു സ്ഥിതി നിലനിൽക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2018 ഫെബ്രുവരി 21-ന് യു.ജി.സി.പുറപ്പെടുവിച്ച നോട്ടീസ് (F.No.74-8/2017 (DEB-IV) പ്രകാരം നാക് ഗ്രേഡ് 3.26 ലഭിച്ചതും നിലവിൽ 5 വർഷം പൂർത്തിയാക്കിയതുമായ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് 2018-19 അധ്യയനവർഷം മുതൽ വിദൂര വിദ്യാഭ്യാസ കോഴ്സുകൾക്ക് അപേക്ഷിക്കുവാൻ യോഗ്യരായിട്ടുള്ളത്. അതേസമയം 2017-18 വർഷത്തിൽ കോഴ്സുകൾ നടത്തുവാൻ അനുവാദം ലഭിച്ച ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് യു.ജി.സി നിഷ്കർഷിച്ച പ്രകാരം പുതിയ അപേക്ഷ നൽകി അനുമതി ലഭിക്കുന്ന മുറയ്ക്ക് മാത്രം 2019-20 വരെ കോഴ്സുകൾ തുടരാവുന്നതാണെന്നും ഈ കാലയളവിൽ നിശ്ചിത ഗ്രേഡ് നേടിയിരിക്കണം എന്നും വ്യവസ്ഥയുണ്ട്. |
| (ബി) | പ്രസ്തുത കോഴ്സുകളുടെ അംഗീകാരം നഷ്ടപ്പെടാതിരിക്കാൻ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) & (സി) | യു.ജി.സി.യുടെ പുതിയ മാനദണ്ഡങ്ങൾ വിദൂര വിദ്യാഭ്യാസ മേഖലയിൽ സൃഷ്ടിച്ചിരിക്കുന്ന വിഷമതകൾ കേന്ദ്രസർക്കാരിനെയും യു.ജി.സി യെയും ബോദ്ധ്യപ്പെടുത്തി മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതിന് ശ്രമിച്ചുവരുന്നുണ്ട്. |
| (സി) | വിദൂര വിദ്യാഭ്യാസ കോഴ്സുകളുടെ അംഗീകാരവുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളുടെ ആശങ്ക ദൂരീകരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ